മുനിസിപ്പൽ കോർപ്പറേഷനുകളിലെ ശുദ്ധജലവിതരണ പദ്ധതികൾ

908 [1083]. ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജലവിതരണ പദ്ധതികൾ കേരളത്തിലെ 3 മുനിസിപ്പൽ കോർപ്പറേഷനുകളിലെ എല്ലാ പ്രദേശങ്ങളിലും നടപ്പാക്കി കഴിഞ്ഞുവോ;

(ബി) ഓരോ കോർപ്പറേഷനിലും നൽകിയിട്ടുള്ള സ്വകാര്യ കണക്ഷനുകൾ, പബ്ലിക് ടാപ്പുകൾ ഇവ എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ;

(സി) കാലിക്കറ്റ് വാട്ടർ സപ്ലൈ സ്കീം എന്ന നിലയിൽ പെരുവണ്ണാർമുഴിയിൽ നിന്നും ശുദ്ധജലം സംഭരിച്ച് ഒരു പദ്ധതി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് പരിശോധന പൂർത്തിയാക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ടോ;

(ഇ) ഈ പദ്ധതിയ്ക്ക് ആകെ എത്ര തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) കേരളത്തിലെ 3 കോർപ്പറേഷനുകളിൽ തിരുവനന്തപുരത്തും കൊച്ചിയിലും ശുദ്ധജലവിതരണം പൂർണ്ണമായി നടപ്പിലാക്കികഴിഞ്ഞു. എന്നാൽ കോഴിക്കോട് കോർപ്പറേഷനിലെ മുഴുവൻ സ്ഥലത്തും ശുദ്ധജലവിതരണം നടപ്പിലാക്കിയിട്ടില്ല.

(ബി) വിവരം താഴെ ചേർക്കുന്നു.

	തിരുവനന്തപുരം	കൊച്ചി	കോഴിക്കോട്
സ്വകാര്യ കണക്ഷനുകൾ	66000 എണ്ണം	45762 എണ്ണം	15000 എണ്ണം
പബ്ലിക് ടാപ്പുകൾ	2500 എണ്ണം	5933 എണ്ണം	2250 എണ്ണം

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) കോഴിക്കോട് കോർപ്പറേഷനും പുറമേയുള്ള 9 പഞ്ചായത്തുകളും ഉൾപ്പെടെ ഗ്രേറ്റർ കാലിക്കറ്റ് ഡവലപ്പ്മെന്റ് അതോറിറ്റി വാട്ടർ സപ്ലൈ സ്കീം എന്ന നിലയിൽ 3512.7 ലക്ഷം രൂപ മതിപ്പു ചെലവു പ്രതീക്ഷിക്കുന്നു. ഇതിൽ 2842.4 ലക്ഷം രൂപ കോഴിക്കോട് കോർപ്പറേഷനിലെ വാട്ടർ സപ്ലൈയ്ക്ക് വേണ്ടി മാത്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly